# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 07.09.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. സാങ്കേതികവിദ്യ, നിർമ്മിതബുദ്ധി, പ്രതിരോധം, ബഹിരാകാശം തുടങ്ങി വിവിധ മേഖലകളിൽ ഇന്ത്യയും ഫ്രാൻസും നവോന്മേഷത്തോടെ മുന്നേറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi says India and France are moving forward together with new momentum in technology, artificial intelligence, defence and space.**

2. ന്യൂഡൽഹിയിൽ അഞ്ചു നില കെട്ടിടം തകർന്നുണ്ടായ അപകടത്തിൽ അന്വേഷണത്തിന് ഉത്തരവിട്ടു ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത; മരണസംഖ്യ ആറായി.

   **Delhi Chief Minister Rekha Gupta orders a probe into the collapse of a five-storied building in New Delhi; Death toll rises to six.**

3. സ്വകാര്യവത്കരിക്കുന്നുവെന്ന പ്രചാരണം അടിസ്ഥാനരഹിതമെന്നും സ്വകാര്യ പങ്കാളിത്തം ഇന്ത്യയുടെ പുതിയ ബഹിരാകാശ ദൗത്യങ്ങളെ ശക്തിപ്പെടുത്തുമെന്നും ഐഎസ്ആർഒ;

   **ISRO says concerns over privatization are baseless; Private participation will strengthen India's new space missions.**

4. ലക്സംബർഗ് ഉപപ്രധാനമന്ത്രി സേവ്യർ ബെറ്റൽ മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും.

**Luxembourg Deputy Prime Minister Xavier Bettel arrives in India today for a three-day official visit.**

5. **കേരളത്തിൽ ചൂട് വീണ്ടും വർധിക്കുന്നു. ഇന്നും നാളെയും 4 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.**

   **Heat intensifies again in Kerala; India Meteorological Department forecasts a rise of up to 4 degrees Celsius today and tomorrow.**

6. **ബംഗ്ലാദേശിനെതിരായ ഏകപക്ഷീയ ജയത്തോടെ അണ്ടർ 20 ഏഷ്യൻ കപ്പ് ഫുട്ബോൾ ടൂർണമെന്റിന് യോഗ്യത നേടി ഇന്ത്യ.**

   **India qualify for the AFC U-20 Asian Cup after a comprehensive win over Bangladesh.**

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## PM - SWAMINARAYAN PARIS (INTRO)

ഇന്ത്യയും ഫ്രാൻസും തമ്മിലുള്ള ബന്ധം പുതിയ ഉയരങ്ങൾ താണ്ടിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. പാരീസിലെ സ്വാമിനാരായണ ക്ഷേത്രത്തിൻറെ ഉദ്ഘാടന ചടങ്ങിൽ വീഡിയോ കോൺഫറൻസിലൂടെ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

(വോയ്സ്)

സാങ്കേതികവിദ്യ, നിർമ്മിതബുദ്ധി, പ്രതിരോധം, ബഹിരാകാശം, കാലാവസ്ഥാ പ്രവർത്തനം തുടങ്ങി വിവിധ മേഖലകളിൽ ഇന്ത്യയും ഫ്രാൻസും നവോന്മേഷത്തോടയും ഗതിവേഗത്തോടെയും മുന്നേറുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഈ വർഷം ഇന്ത്യ-ഫ്രാൻസ് നൂതനാശയ വർഷമായി ആചരിക്കുകയാണെന്നും അദ്ദേഹം അറിയിച്ചു. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണുമായി ചേർന്ന് തന്ത്രപരമായ ആഗോള പങ്കാളിത്തം കെട്ടിപ്പടുക്കുക്കാനുള്ള ശ്രമങ്ങൾ ഊർജ്ജിതമാണെന്നും അദ്ദേഹം വ്യക്തമാക്കി. ഫ്രാൻസിന്റെ മണ്ണിൽ ഇന്ത്യൻ സൈനികരനുഷ്ഠിച്ച ത്യാഗങ്ങൾ ജീവസ്സുറ്റ ചരിത്രമാണെന്നും അദ്ദേഹം അനുസ്മരിച്ചു. ശ്രീ രാമകൃഷ്ണ പരമഹംസരെയും സ്വാമി വിവേകാനന്ദനെയും കുറിച്ചുള്ള റൊമെയ്ൻ റോളണ്ടിന്റെ രചനകൾ ഇരു സമൂഹങ്ങളെയും കൂടുതൽ

അടുപ്പിച്ചതായും അദ്ദേഹം പറഞ്ഞു. ഈഫൽ ടവറിന് മുന്നിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര യോഗ ദിനാചരണ പരിപാടി ഫ്രാൻസിൽ യോഗയ്ക്കുള്ള സ്വീകാര്യതയുടെ ഉദാഹരണമാണെന്നും അദ്ദേഹം വ്യക്തമാക്കി.

☸☸☸☸☸

## DELHI BUILDING COLLAPSE (INTRO)

ന്യൂഡൽഹിയിലെ സത്യ നികേതൻ പ്രദേശത്ത് അഞ്ചു നില കെട്ടിടം തകർന്നുണ്ടായ അപകടത്തിൽ അന്വേഷണത്തിന് ഉത്തരവിട്ടു ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത. കെട്ടിട ഉടമയ്ക്കെതിരെ കേസ് രജിസ്റ്റർ ചെയ്യാൻ നിർദ്ദേശിച്ചു. പ്രാഥമിക വിലയിരുത്തലിനും ശേഷമാണ് തീരുമാനമെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു. സംഭവത്തിന് ഉത്തരവാദികളായവർക്ക് എതിരെ കർശന നടപടി എടുക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

(വോയിസ്)

അതേസമയം, സംഭവത്തിൽ മരിച്ചവരുടെ എണ്ണം ആറായി. രക്ഷാപ്രവർത്തനങ്ങൾ തുടരുകയാണ്. പരിക്കേറ്റവർക്ക് എല്ലാ വിധ സഹായവും ഉറപ്പാക്കിയിട്ടുണ്ടെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ വ്യക്തമാക്കി. അപകടത്തിൻറെ പശ്ചാത്തലത്തിൽ നാല് നിലകളിൽ കൂടുതലുള്ള എല്ലാ അനധികൃത നിർമ്മാണങ്ങളും ഉടനടി പൂട്ടിക്കുമെന്ന് ഡൽഹി മേയർ പറഞ്ഞു.

☸☸☸☸☸

## Amit Shah –narcotics

2029-ഓടെ ഇന്ത്യയെ ലഹരിമുക്തമാക്കുന്നതിനുള്ള മൂന്ന് വർഷത്തെ കർമപദ്ധതി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പ്രഖ്യാപിച്ചു. രഹസ്യാന്വേഷണം ശക്തിപ്പെടുത്തൽ, പ്രവർത്തനാധിഷ്ഠിത നിയമനടപടി, ലഹരിമരുന്നുകളുടെ നിയന്ത്രണം, ലഹരിയുടെ ദോഷഫലങ്ങൾ കുറയ്ക്കൽ, കാര്യക്ഷമതാ വർധന, വിവിധ ഏജൻസികൾ തമ്മിലുള്ള ഏകോപനം എന്നിവയ്ക്കാണ് കർമപദ്ധതിയിൽ ഊന്നൽ നൽകുന്നത്. 100 അന്താരാഷ്ട്ര-അന്തർസംസ്ഥാന മയക്കുമരുന്ന് ശൃംഖലകൾ തകർക്കുക, ഒളിവിലുള്ള 100 കുറ്റവാളികളെ രാജ്യത്തെത്തിക്കുക, 100 അനധികൃത ലഹരി

ലബോറട്ടറികൾ തകർക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങളെന്നും അദ്ദേഹം അറിയിച്ചു.

☸☸☸☸☸

## RAJNATH-SRI LANKA VISIT

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ശ്രീലങ്കയിൽ ഔദ്യോഗിക സന്ദർശനം നടത്തും. നാളെ ആരംഭിക്കുന്ന സന്ദർശനം ഈ മാസം 10 വരെ നീളും. ശ്രീലങ്കൻ ഭരണ നേതൃത്വവുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. കൊളംബോയിലെ ഇന്ത്യൻ പ്രവാസി സമൂഹവുമായി രാജ്യരക്ഷാ മന്ത്രി സംവദിക്കും.

☸☸☸☸☸

## REV. VP MANIPUR

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഒരു ദിവസത്തെ മണിപ്പൂർ സന്ദർശനത്തിനായി നാളെ തലസ്ഥാനമായ ഇംഫാലിൽ എത്തും. സന്ദർശന വേളയിൽ, അദ്ദേഹം മൊയ്‌രാങ്ങിലും നമ്പോളിലും സ്ഥിതി ചെയ്യുന്ന സൈനിക മ്യൂസിയവും , ജാപ്പനീസ് യുദ്ധ സ്മാരകവും , സൈനിക് സ്കൂളും സന്ദർശിക്കും.

☸☸☸☸☸

## LUXEMBOURG DEPUTY PM- INDIA VISIT

ലക്സംബർഗ് ഉപപ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായ സേവ്യർ ബെറ്റൽ മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും. വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കറുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഐഐടി മദ്രാസിലെ പരിപാടികളിലും ലക്സംബർഗ് ഉപപ്രധാനമന്ത്രി പങ്കെടുക്കും.

☸☸☸☸☸

## IRAN - HORMUZ

ഹോർമുസ് കടലിടുക്കിന് പുറത്ത് ഉടൻ പുതിയ നിയന്ത്രിത മേഖല പ്രഖ്യാപിക്കുമെന്നും അനുവാദമില്ലാതെ പ്രവേശിക്കുന്ന കപ്പലുകളെ ഉപരോധ പട്ടികയിൽ ഉൾപ്പെടുത്തുമെന്നും ഇറാന്റെ ഉന്നത സുരക്ഷാ ഉദ്യോഗസ്ഥൻ മേജർ ജനറൽ മൊഹ്സെൻ റെസായി അറിയിച്ചു. ഹോർമുസ് കടലിടുക്കിലൂടെയുള്ള കപ്പൽഗതാഗതം കുത്തനെ കുറഞ്ഞതായും, ഇറാനിലേക്ക് അവശ്യസാധനങ്ങളുമായി

ഏഴ് മുതൽ എട്ട് വരെ കപ്പലുകൾ മാത്രമാണ് നിലവിൽ കടന്നുപോകുന്നതെന്നും ഇറാൻ അറിയിച്ചു.

❁❁❁❁❁

## OPEC (Plus) countries

ആഗോള വിപണിയിലെ അനിശ്ചിതത്വം കണക്കിലെടുക്കുമ്പോൾ ഒക്ടോബറിലെ എണ്ണ ഉൽപാദന നയത്തിൽ മാറ്റം വരുത്തേണ്ട സാഹചര്യമില്ലെന്ന് ഒപെക് പ്ലസ് രാജ്യങ്ങൾ അറിയിച്ചു. ആഗോള എണ്ണവിപണിയിലെ നിലവിലെ സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി ചേർന്ന വെർച്വൽ യോഗത്തിലാണ് തീരുമാനം. സെപ്റ്റംബറിൽ പ്രതിദിന ഉൽപാദനം ഏകദേശം 1.88 ലക്ഷം ബാരൽ വർധിപ്പിക്കാൻ ഏഴ് ഒപെക് പ്ലസ് തീരുമാനിച്ചിട്ടുണ്ട്.

❁❁❁❁❁

## BRICS Summit

ഈ മാസം 12, 13 തീയതികളിൽ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന 18-ാമത് ബ്രിക്സ് ഉച്ചകോടിക്കുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ബ്രിക്സ് അംഗരാജ്യങ്ങളിലെയും പങ്കാളി രാജ്യങ്ങളിലെയും നേതാക്കൾക്ക് പുറമെ ഔട്ട്റീച്ച് രാജ്യങ്ങളുടെയും വിവിധ അന്താരാഷ്ട്ര സംഘടനകളുടെയും തലവൻമാരും ഉച്ചകോടിയിൽ പങ്കെടുക്കും. തയ്യാറെടുപ്പുകളുടെ ഭാഗമായി ഡൽഹി പോലീസ് തലസ്ഥാനത്തെ സുരക്ഷാ ക്രമീകരണങ്ങൾ വിശദമായി അവലോകനം ചെയ്തു.

❁❁❁❁❁

## ISRO CLARIFICATION

ഐഎസ്ആർഒയെ സ്വകാര്യവൽക്കരിക്കാനും അതിന്റെ പ്രാധാന്യം കുറയ്ക്കാനും ശ്രമങ്ങൾ നടക്കുന്നു എന്ന തരത്തിൽ സാമൂഹ്യ മാധ്യമത്തിൽ പ്രചരിക്കുന്ന വാർത്തകൾ തെറ്റാണെന്ന് ഐഎസ്ആർഒ. ബഹിരാകാശ രംഗത്ത് സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കുന്നത് ഇന്ത്യയുടെ പുതിയ ബഹിരാകാശ ദൗത്യങ്ങൾ മെച്ചപ്പെടുത്താൻ ഇസ്റോയെ പ്രാപ്തമാക്കുമെന്നും അവർ കൂട്ടിച്ചേർത്തു. ബഹിരാകാശ മേഖലയിൽ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതോടെ ആഗോളതലത്തിൽ മത്സരാധിഷ്ഠിതമായ

ബഹിരാകാശ ആവാസവ്യവസ്ഥ സൃഷ്ടിക്കുകയാണ് ഇന്ത്യ ലക്ഷ്യമിടുന്നതെന്നും ഇസ്റോ വ്യക്തമാക്കി.

## Jitendra Singh

അതിവേഗം വളരുന്ന സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ മെട്രോപൊളിറ്റൻ നഗരങ്ങൾക്കപ്പുറത്തേക്ക് വ്യാപിപ്പിക്കണമെന്ന് കേന്ദ്ര ശാസ്ത്ര-സാങ്കേതിക മന്ത്രി ഡോ. ജിതേന്ദ്ര സിംഗ്. ലബോറട്ടറികളിൽ വികസിപ്പിക്കുന്ന തദ്ദേശീയ സാങ്കേതികവിദ്യകൾ വിപണിയിലെത്തിക്കുന്നതിന് ശാസ്ത്രരംഗം, സ്റ്റാർട്ടപ്പുകൾ, വ്യവസായം എന്നിവ തമ്മിൽ ശക്തമായ സഹകരണം ഉറപ്പാക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. കൊൽക്കത്തയിൽ ആറാമത് RISE കോൺക്ലേവിന്റെ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

## Kerala heat (intro)

കേരളത്തിൽ ചൂട് വീണ്ടും വർധിക്കുന്നു. ഇന്നും നാളെയും 4 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

ഒരു റിപ്പോർട്ട്.....

(വോയ്സ്)

സെപ്റ്റംബറിൽ സാധാരണയിലധികം ചൂടിനു കാരണമാകുന്നത് എൽനിനോ പ്രതിഭാസമാണെന്നു പഠനങ്ങൾ പറയുന്നു. ചൂട് വർധിക്കുന്നത് സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാവുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. പകൽ 11 മുതൽ 3 വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണമെന്നും, ദാഹമില്ലെങ്കിലും വെള്ളം കുടിക്കണമെന്നും നിർദേശത്തിൽ പറയുന്നു. പുറം ജോലികളിൽ ഏർപ്പെടുന്നവർ ഉച്ച സമയത്ത് നേരിട് വെയിൽ ഏൽക്കുന്നത്ത് പരമാവധി ഒഴിവാക്കണമെന്നും മുന്നറിയിപ്പുണ്ട്.\

**ന്യൂസ് ഡെസ്ക് ആകാശവാണി.....**

## PM MSY - KERALA

സംയോജിത ആധുനിക തീരദേശ മത്സ്യഗ്രാമ പദ്ധതിയുടെ ഭാഗമായി കാസർഗോഡ്, വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനം നാളെ മഞ്ചേശ്വരം ഹാർബർ പരിസരത്ത് നടക്കും. പ്രധാനമന്ത്രി മത്സ്യസമ്പദ യോജന വഴിയുള്ള നവീകരണം സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയാണ് സംഘടിപ്പിക്കുന്നത്. സഞ്ചരിക്കുന്ന മൽസ്യ- വെൻഡിംഗ് - പ്രോസസിംഗ് കിയോസ്കുകളുടെ വിതരണത്തിൻറെ പ്രവർത്തനോദ്ഘാടനം മന്ത്രി വി.ഇ. അബ്ദുൾ ഗഫൂർ നിർവഹിക്കും.

## V.D. SATHEESHAN

കോൺഗ്രസ് മുഖ്യമന്ത്രിമാരുടെയും വിദ്യാഭ്യാസ മന്ത്രിമാരുടെയും യോഗത്തിൽ പങ്കെടുക്കാനായി മുഖ്യമന്ത്രി വി.ഡി. സതീശൻ ദില്ലിയിലെത്തി. യോഗത്തിന് ശേഷം അദ്ദേഹം രാഹുൽ ഗാന്ധിയുമായി കൂടിക്കാഴ്ച നടത്തും. കെ.പി.സി.സി അധ്യക്ഷ നിയമനം ഉൾപ്പെടെ സംസ്ഥാനത്ത് പാർട്ടിയുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങൾ ചർച്ചയായേക്കും.

## FOOTBALL-AFC U20 ASIAN CUP

അണ്ടർ 20 ഏഷ്യൻ കപ്പ് ഫുട്ബോൾ ടൂർണമെന്റിലേക്ക് യോഗ്യത നേടി ഇന്ത്യ . ഇന്നലെ താഷ്കന്റിൽ നടന്ന അവസാന യോഗ്യതാ മത്സരത്തിൽ ബംഗ്ലാദേശിനെതിരെ ഏകപക്ഷീയമായ 3 ഗോൾ ജയത്തോടെയാണ് , 20 വർഷത്തിനിടെ ഇന്ത്യയുടെ ടൂർണമെന്റ് പ്രവേശനം . അടുത്ത വർഷം മാർച്ച് 24 മുതൽ ഏപ്രിൽ 10 വരെ ചൈനയിലാണ് എ.എഫ്.സി. അണ്ടർ 20 ഏഷ്യൻ കപ്പ് ടൂർണമെന്റ്.

## Duleep Trophy

ദുലീപ് ട്രോഫി ഫൈനലിൽ സൗത്ത് സോണിനെതിരേ ഈസ്റ്റ് സോൺ മികച്ച സ്കോറിലേക്ക്. ക്യാപ്റ്റൻ ഇഷാൻ കിഷന്റെ സെഞ്ചുറി മികവിൽ ഈസ്റ്റ് സോൺ ഒന്നാം ദിവസം കളി അവസാനിക്കുമ്പോൾ നാല് വിക്കറ്റ് നഷ്ടത്തിൽ 385 റൺസെന്ന നിലയിലാണ്. 111 റൺസോടെ ഇഷാൻ കിഷനും 63 റൺസുമായി കുമാർ

കുശാഗ്രയുമാണ് ക്രീസിൽ. ഓപ്പണിങ് വിക്കറ്റിൽ അഭിമന്യു ഈശ്വരനും വൈഭവ് സൂര്യവംശിയും മികച്ച തുടക്കമാണ് ഈസ്റ്റ് സോണിന് നൽകിയത്.